# Desabhimani

# 17 July 2018

# Thiruvananthapuram, Heavy Rain, Widespread Damage

# വൻനാശം



ചെല്ലാനത്ത് കടൽക്ഷോഭത്തിൽ വെള്ളക്കെട്ടിലായ വീട്ടിൽനിന്ന് വയോധികയെ നാട്ടുകാർ സുരക്ഷിതസ്ഥാനത്തേക്ക് മാറ്റുന്നു

**സ്വന്തം ലേഖകർ**

**തിരുവനന്തപുരം**

മൂന്നു ദിവസമായി തുടരുന്ന കനത്ത മഴയിൽ വൻ നാശം. വ്യാപകമായി കൃഷി നശിച്ചു. തിങ്കളാഴ്ചമാത്രം അറുനൂറോളം വീട് തകർന്നു. 111 ദുരിതാശ്വാസക്യാമ്പുകൾ തുറന്നു. താഴ്ന്നപ്രദേശങ്ങൾ വെള്ളപ്പൊക്കത്തിലും മലയോരമേഖല ഉരുൾപൊട്ടൽ ഭീഷണിയിലുമാണ്. കടലാക്രമണം ശക്തമായി. ട്രെയിൻ-റോഡ് ഗതാഗതം താറുമാറായി. എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ പാളത്തിൽ വെള്ളം കയറിയതിനാൽ റെയിൽ ഗതാഗതം താറുമാറായി. മണിക്കൂറുകൾ വൈകിയാണ് ട്രെയിനുകൾ ഓടുന്നത്. പത്ത് പാസഞ്ചർ ട്രെയിൻ തിങ്കളാഴ്ച റദ്ദാക്കി. അബുദാബിയിൽനിന്നുള്ള ബാർജ് കാറ്റിൽപെട്ട് ആലപ്പുഴ തീരത്ത് അടിഞ്ഞു. ഇന്തോനേഷ്യയിൽനിന്ന് ദുബായ് തീരത്തേക്ക് പോവുകയായിരുന്ന ബാർജാണ് നിയന്ത്രണം തെറ്റിയെത്തിയത്.

- തിങ്കളാഴ്ചമാത്രം അറുന്നൂറോളം വീട് തകർന്നു. 111 ദുരിതാശ്വാസക്യാമ്പുകൾ തുറന്നു
- അബുദാബിയിൽനിന്നുള്ള ബാർജ് കാറ്റിൽപ്പെട്ട് ആലപ്പുഴ തീരത്ത് അടിഞ്ഞു

ഇടുക്കി, കോട്ടയം ജില്ലകളിലടക്കം വിവിധ സ്ഥലങ്ങളിൽ ഉരുൾപൊട്ടി. മണ്ണിടിച്ചിൽമൂലം മലയോരമേഖലകൾ ഒറ്റപ്പെട്ടു. പമ്പ, മണിമല, അച്ചൻകോവിൽ, മീനച്ചിലാർ, ചാലക്കുടിപ്പുഴ തുടങ്ങിയവയെല്ലാം കരകവിഞ്ഞു. ആലപ്പുഴയിൽ മടവീണ് കൃഷി നശിച്ചു.

ഇടുക്കി, മുല്ലപ്പെരിയാർ അണക്കെട്ടുകളിൽ ജലനിരപ്പ് ഉയരുകയാണ്. എറണാകുളം ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളെല്ലാം വെള്ളത്തിലായി. 3254 പേരെ 31 ക്യാമ്പിലേക്ക് മാറ്റിപ്പാർപ്പിച്ചു. പെരിയാറിൽ ഒഴുകിവന്ന കുട്ടിയാനയുടെ ജഡം ആലുവയിൽ അടിഞ്ഞു. ഈരാറ്റുപേട്ട മേഖലയിൽ തലനാട്ട്, തീക്കോയി 30 ഏക്കർ, കൂട്ടിക്കൽ ഇളങ്കാട് എന്നിവിടങ്ങളിൽ ഉരുൾപൊട്ടി. ഈരാറ്റുപേട്ട, പാലാ നഗരങ്ങളിൽ വെള്ളം നിറഞ്ഞു. ഞായറാഴ്ച രാത്രിമുതൽ പമ്പാനദി കരകവിഞ്ഞു. പമ്പാ മണൽപ്പുറം കവിഞ്ഞ് വെള്ളം ത്രിവേണി പാലംമുങ്ങി ഒഴുകുകയാണ്. ഇടുക്കി മൂലമറ്റം മേഖലയിൽ മേത്തൊട്ടി, നാളിയാനി കോഴിപ്പള്ളി, ആശ്രമം, മുളകുവള്ളി എന്നിവിടങ്ങളിൽ ഉരുൾപൊട്ടി. ഏക്കറുകണക്കിന് കൃഷി നശിച്ചു. കുട്ടനാട്ടിൽ മട വീണ് കൃഷി നശിച്ചു. ജലനിരപ്പുയർന്നതിനാൽ ആലപ്പുഴ-ചങ്ങനാശേരി എംസി റോഡിൽ ഗതാഗതം നിലച്ചു.